<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037</u> <u>03-03-2025 - ൽ മറുപടിയ്ക്ക്</u>

<u>പോക്സോ കേസുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അതിക്രമങ്ങളെ തുടർന്ന് എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഇപ്രകാരമുള്ള ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ആഭ്യന്തര–വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ആഭ്യന്തര-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.<br><br>**അവബോധവും സംവാദവും:**<br><br>• കുട്ടികൾക്ക് നേരെയുള്ള ആക്രമണങ്ങൾ, ലൈംഗികാതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരം ചെറുപ്പം മുതലേ നൽകേണ്ടത് അത്യാവശ്യമാണെന്ന അവബോധം മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും നൽകി വരുന്നു.<br>• കുട്ടികൾക്ക് അവരുടെ അനുഭവങ്ങൾ തുറന്നുപറയാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു.<br><br>**ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ**:<br><br>• കേരളത്തിലെ 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>• ഇവിടെ കുട്ടികൾക്ക് സ്വതന്ത്രമായി കടന്നുചെല്ലാനും പോലീസ് ഉദ്യോഗസ്ഥരുമായി സംവദിക്കാനും അവസരമുണ്ട്. |

| | | | |
|---|---|---|---|
| | | | **പ്രത്യേക ഉദ്യോഗസ്ഥർ:**<br><br>• കുട്ടികളുടെ വിഷയങ്ങൾ അവതരിപ്പിക്കാനും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സുരക്ഷയെക്കുറിച്ചും ബോധവൽക്കരണം നൽകാനും 'ചൈൽഡ് വെൽഫെയർ ഓഫീസർ', 'അസിസ്റ്റന്റ് ചൈൽഡ് വെൽഫെയർ ഓഫീസർ' എന്നീ തസ്തികകളിൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.<br><br>**കൗൺസിലിംഗും ബോധവൽക്കരണവും:**<br><br>• കുട്ടികൾക്ക് സ്കൂൾതലം മുതൽ കൗൺസിലിംഗ് നൽകുന്നു.<br>• ലൈംഗികാതിക്രമങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും തുറന്ന ആശയവിനിമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മാതാപിതാക്കളെയും അധ്യാപകരെയും ബോധവൽക്കരിക്കുന്നു.<br><br>**നിയമ ബോധവൽക്കരണം:**<br><br>• പോക്സോ നിയമത്തെക്കുറിച്ചും ലൈംഗികാതിക്രമങ്ങളെക്കുറിച്ചും അവയുടെ ശിക്ഷകളെക്കുറിച്ചും സമൂഹത്തെ ബോധവൽക്കരിക്കുന്നു.<br>• സംശയാസ്പദമായ പ്രവർത്തനങ്ങൾ എങ്ങനെ റിപ്പോർട്ട് ചെയ്യാമെന്ന് അറിയിക്കുന്നു.<br>• അവബോധം വളർത്താനും റിപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കാനും മീഡിയ കാമ്പയിനുകൾ ഉപയോഗിക്കുന്നു. |
| (സി) | പോക്സോ കേസ് അതിജീവിതകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പോക്സോ കേസ് അതിജീവിതകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br><br>• കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. മറ്റ് സന്ദർഭങ്ങളിൽ 24 മണിക്കൂറിനുള്ളിൽ കുട്ടിയുടെ വൈദ്യപരിശോധന നടത്തുന്നു.<br>• കേസ് രജിസ്റ്റർ ചെയ്താലുടൻ വിക്ടിം ലെയ്സൺ ഓഫീസറെ നിയോഗിക്കുന്നു.<br>• അതിജീവിത ആയ കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ |

| | | | | |
|---|---|---|---|---|
| | | | | പോലീസ് സ്റ്റേഷനിലും ചൈൽഡ് വെൽഫയർ പോലീസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br>• ആവശ്യമെങ്കിൽ അതിജീവിതയെ സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റുന്നു.<br>• കേസിനെ സംബന്ധിച്ച വിവരം CWC -യെ അറിയിക്കുകയും അവർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു.<br>• അതിജീവിതക്ക് ആവശ്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>• One Stop Centre, Protection Centre എന്നിവിടങ്ങളിൽ പോലീസിന്റെ സേവനം ഏർപ്പെടുത്തുന്നു.<br>• അതിജീവിതയുടെ താമസസ്ഥലം കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നു.<br>• കുട്ടിയുമായി ബന്ധപ്പെട്ട പോലീസിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ